# പത്രക്കുറിപ്പ്

**ന്യൂനപക്ഷ മത്സര പരീക്ഷ പരിശീലന കേന്ദ്രങ്ങളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.**

ന്യൂനപക്ഷക്ഷേമ വകുപ്പിനു കീഴിൽ കേന്ദ്ര-സംസ്ഥാനങ്ങളിലെ റെയിൽവേ, ബാങ്കിംഗ്, സൈന്യം, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നിവ നടത്തുന്ന വിവിധ മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്ന "കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്തിൽ" (സി.സി.എം.വൈ )ജൂലൈ ഒന്നിനു ആരംഭിക്കുന്ന കോഴ്സുകളിലേയക്ക് അപേക്ഷ ക്ഷണിക്കുന്നു. മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി ,ജൈന വിഭാഗങ്ങൾക്കാണ് പരിശീലനം. പരിശീലനം തീർത്തും സൗജന്യമാണ്. മത്സര പരീക്ഷകൾക്ക് ക്ലാസെടുത്ത് പരിചയമുള്ള യോഗ്യരായ അധ്യാപകരാണ് ക്ലാസുകൾ നയിക്കുന്നത്. ഇംഗ്ലീഷ്, മലയാളം, ഗണിതം, റീസണിംഗ്, ജോഗ്രഫി, ജനറൽ സയൻസ്, ഭരണഘടന, ഇന്ത്യാ ചരിത്രം, മറ്റു പൊതു വിജ്ഞാനങ്ങൾ എന്നിവയിൽ ഊന്നിയായിരിക്കും ക്ലാസുകൾ. 27 ഉപകേന്ദ്രങ്ങളും 17 കേന്ദ്രങ്ങളും അടക്കം 44 സെൻററുകളിൽ 40 മുതൽ 100 വരെ വിദ്യാർത്ഥികൾക്കാണ് പ്രവേശനം നൽകുക. പ്രവേശന പരീക്ഷകളുടെയും മുഖാമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് പ്രവേശനം. വിദ്യാർത്ഥികൾ വിവിധ മത്സര പരീക്ഷ ലിസ്റ്റുകളിൽ ഉൾപ്പെടുന്നതിനാൽ മൂന്നിരട്ടി വരെ വിദ്യാർത്ഥികൾ അപേക്ഷിക്കുന്നതിനാലാണ് പ്രവേശന പരീക്ഷകൾ നടത്തുന്നത്. അതതു കേന്ദ്രങ്ങളിൽ നടത്തുന്ന പരീക്ഷകളുടെ അടിസ്ഥാനത്തിൽ ഓരോ കേന്ദ്രത്തിലേക്കും പ്രവേശനം നേടാനാകും. പ്രവേശന പരീക്ഷകളുടെ ചോദ്യങ്ങളും മറ്റും അക്കാദമിക് കൗൺസിലാണ് തയ്യാറാക്കുന്നത്. ജൂലൈ 1 മുതൽ ഡിസംബർ 31 വരെയും ജനുവരി 1 മുതൽ ജൂൺ 30 വരെയും നീളുന്ന ആറു മാസ ക്ലാസുകളാണ് സി.സി.എം.വൈകളിൽ ക്രമീകരിച്ചിരിക്കുന്നത്. ഡിഗ്രി ബാച്ച്, പ്ലസ് ടു ബാച്ച്, ഹോളിഡേ ബാച്ച് എന്നിവയിലേക്കാണ് പ്രവേശനം. മെയ് 26 മുതൽ അപേക്ഷ ഫോറം വിതരണം ചെയ്തു തുടങ്ങും. ജൂൺ 17 വരെ അപേക്ഷ സമർപ്പിക്കാം. ജൂൺ 23 നാണ് വിവിധ കേന്ദ്രങ്ങളിൽ പ്രവേശന പരീക്ഷ നടക്കുക.പുതിയ ബാച്ചിലെ ക്ലാസുകൾ ജൂലൈ ഒന്നിനു ആരംഭിക്കും.കൂടുതൽ വിവരങ്ങൾ www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**ഡയറക്ടർക്കു വേണ്ടി**